**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രത്യേക തൊഴിൽ വിഭാഗമായി അംഗീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രത്യേക തൊഴിൽ വിഭാഗമായി അംഗീകരിക്കുകയും അവർക്ക് നിയമാനുസൃത തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുന്നതും പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ **പ്രത്യേക** തൊഴിൽ വിഭാഗമായി ഫോട്ടോ/വീഡിയോ സ്റ്റുഡിയോ എന്ന മേഖല ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മേഖലയിലുള്ള തൊഴിലാളികൾക്ക് ബോർഡിന്റെ വെബ് സൈറ്റിൽ നിന്നും നിയമാനുസൃതമായ തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത തൊഴിൽ മേഖലയിലുള്ളവരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ; | (ബി) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ സിനിമാ സീരിയൽ മേഖലയിൽ പ്രവർത്തിയ്ക്കുന്ന സ്റ്റിൽ ഫോട്ടോഗ്രാഫർമാർക്കാണ് നിശ്ചിത യോഗ്യതാമാനദണ്ഡത്തിൽ നിലവിൽ അംഗത്വം നൽകിവരുന്നത്. ആയതിനാൽ മറ്റുള്ള ഫോട്ടോഗ്രാഫേഴ്സിനെ സാംസ്കാരിക ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല. |
| (സി) | കേരള ഷോപ്പ്സ് &കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡിൽ കുടിശിക വരുത്തിയിട്ടുള്ള ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കുടിശിക അടച്ച് എല്ലാ ആനുകൂല്യത്തോടുംകൂടി അംഗത്വം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അദ്ധ്യായം 4 ഖണ്ഡിക 25 പ്രകാരം അംശദായം തുടർച്ചയായി ഒരു വർഷം അടയ്ക്കാതിരുന്നാൽ അംഗത്വം സ്വമേധയായി റദ്ദായി പോകുന്നതാണ്. എന്നാൽ റദ്ദായിപ്പോയ അംഗത്വം ഒരു വർഷ കാലംവരെയുള്ള കുടിശ്ശിക സംബന്ധിച്ചാണെങ്കിൽ കുടിശ്ശിക അടയ്ക്കാതിരുന്നത് ന്യായമായ കാരണങ്ങളാണെന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അംഗത്വം പുന:സ്ഥാപിച്ച് നൽകാവുന്നതാണ്. ഒരു വർഷത്തിൽ കൂടുതൽ കാലയളവിലുള്ള അംശദായം വീഴ്ച വരുത്തിയതിനാൽ റദ്ദായ അംഗത്വം |

| | | | |
|---|---|---|---|
| | | | പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ ബോർഡിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഇപ്രകാരം അംഗത്വം പുന:സ്ഥാപിക്കുന്നത് ഒരു അംഗത്തിന്റെ മൊത്തം സേവനകാലയളവിൽ രണ്ട് തവണയിൽ കൂടുതൽ ആകാവുന്നതല്ല. റദ്ദായിപ്പോയ അംഗത്വം, സർക്കാർ അംഗീകാരത്തോടെ ബോർഡ് തീരുമാനിക്കുന്ന പലിശയും പിഴപ്പലിശയും അടച്ച് പ്രത്യേക ഉത്തരവ് പ്രകാരം പുനഃസ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ